എമ്മാവൂസ്

# വചനദൂത്



## ഉയർത്തപ്പെടേണ്ട ജീവിതം

ദനഹാ അഞ്ചാം ഞായർ യോഹ 3:14 – 21

Vol.33 / Issue - 33 / 04 Feb 2018

ബ്ര. ജോർജ്

യോഹന്നാന്റെ സുവിശേഷം 2-ാം അധ്യായത്തിൽ കാനായിലെ കല്യാണവിരുന്നിൽ വച്ച് അത്ഭുതകരമായി വെള്ളം വീഞ്ഞാക്കി ഈശോ തന്റെ മഹത്വം വെളിപ്പെടുത്തി. അതിനുശേഷം യോഹ 2:13-ൽ കാണുന്നത് മിശിഹാ ദൈവാലയം ശുദ്ധീകരിക്കുന്നതാണ്. മിശിഹ ചെയ്ത ദൈവാലയ ശുദ്ധീകരണത്തിന്റെ പരിസമാപ്തി കുരിശു മരണത്തിലാണ് വെളിപ്പെടുത്തപ്പെടുന്നത്. ഈ മഹത്തീകരണത്തിന്റെ പൂർണ്ണത കുരിശിലെ ബലിയിലുമാണെന്നുള്ള സന്ദേശമാണ് ഇന്നത്തെ സുവിശേഷം നൽകുന്നത്.

ദനഹാക്കാലത്തിൽ നാം ധ്യാനവിചിന്തനം ചെയ്യുന്നത് മിശിഹായുടെ മമ്മോദീസായും മാമ്മോദീസവേളയിലൽ പ്രതീകാത്മകമമായി പ്രഖ്യാപിച്ച മരണ, ഉത്ഥാന രഹസ്യങ്ങളുമാണ്. ഇത് പൂർത്തീകരിക്കുന്നത് അവിടുത്തെ കുരിശിലെ ബലിയിലാണ്. ഈ കുരിശിലെ ബലിയാണ് മിശിഹാ ഉയർത്തപ്പെടുക എന്ന വാക്കുകളിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നത്.

നാം ഇന്ന് വിചിന്തനം ചെയ്യുവാൻ പോകുന്നത് ഉയർത്തപ്പെടുക എന്ന പദത്തെയാണ്. സംഖ്യയുടെ പുസ്തകം 21, 8 വാക്യത്തിൽ നാം വായിക്കുന്നു, സർപ്പദർശനമേറ്റ ഇസ്രയേൽ ജനത മേലോട്ട് ഉയർത്തിയ പിച്ചള സർപ്പത്തെ നോക്കിയപ്പോൾ അവർ മരണത്തിൽ നിന്നും രക്ഷപ്പെട്ടു. പഴയ സംഖ്യയുടെ പുസ്തകത്തിൽ പറയുന്ന ഈ രക്ഷയെക്കുറിച്ച് ജ്ഞാനഗ്രന്ഥം ഇപ്രകാരം നമ്മെ ഓർമ്മപ്പെടുത്തുന്നു. “അതിലേക്കു നോക്കിയവർ രക്ഷപ്പെട്ടു; അവർ കണ്ട വസ്തു ജലമല്ല എല്ലാവരുടെയും രക്ഷകനായ അങ്ങുമൂലം അവർ ക്ഷമിക്കപ്പെട്ടു. എല്ലാവരെയും സുഖപ്പെടുത്തുന്ന വചനമാണ് അവരെ സുഖപ്പെടുത്തിയത് (ജ്ഞാനം 16, 7-12).

മരുഭൂമി ഇസ്രായേൽ ജനത്തിന്റെ പാപാവസ്ഥയെയും, സർപ്പദംശനമാകട്ടെ പാപമൂലം അവർ മരണത്തിനു വിധേയമായിരിക്കുന്നു എന്നതിനേയും സൂചിപ്പിക്കുന്നു. എന്നാൽ വചനമായ മിശിഹാ മനുഷ്യാവതാരം ചെയ്ത്, പീഡനം സഹിച്ച്, തന്റെ മരണത്തിലൂടെ അവർക്ക് പുതുജീവൻ നൽകി. ഏശയ്യയുടെ പുസ്തകം 9,2-ൽ നാം ഇപ്രകാരം കാണുന്നു. അന്ധകാരത്തിൽ കഴിഞ്ഞ ജനം മഹത്തായ ഒരു പ്രകാശം കണ്ടു; കൂരിരുട്ടിന്റെ ദേശത്തു വസിച്ചിരുന്നവരുടെമേൽ പ്രകാരം ഉദിച്ചു.

കുരിശിലൂടെയാണ് രക്ഷ കൈവരിച്ചതെന്ന് വിശുദ്ധ യോഹന്നാൻ സാക്ഷ്യം നൽകുന്നു. കുരിശിലെ ബലി വഴിയാണ് രക്ഷ കൈവന്നിരിക്കുന്നത്. ഉയർത്തപ്പെടുക എന്നത് മിശിഹാ മഹത്വത്തിലേക്ക് പ്രവേശിച്ചതു വഴിയായി രക്ഷ കൈവന്നിരിക്കുന്നു എന്നതാണ്. വിശുദ്ധ പൗലോസ് ശ്ലീഹാ 1 കൊറി 1, 18-ൽ ഇപ്രകാരം പറയുന്നു, നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ദോഷത്തമാണ്. രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ അതു ദൈവത്തിന്റെ ശക്തിയത്രേ.

മിശിഹാ നൽകുന്ന ഈ രക്ഷ നാം എങ്ങനെ സ്വന്തമാക്കണം. ഒരു സംഭവ കഥ ഓർമ്മയിൽ വരുന്നു. രണ്ടു കുടുംബങ്ങൾ, രണ്ടുപേരും ഒരമ്മയുടെ മക്കൾ. എന്നാൽ 10 സെന്റിന്റെ പേരിലുള്ള തർക്കത്തിന്റെ ഫലമായി ഈ രണ്ടു കുടുംബങ്ങൾ പരസ്പരം മിണ്ടുകയോ, ജപമാല വാർഡുകളിൽ നടക്കുമ്പോൾ പരസ്പരം കയറിപോവുകയോ ചെയ്യുകയില്ല. എന്നാൽ എല്ലാ ഞായറാഴ്ചയും ബലിയർപ്പിക്കുകയും കൂടെക്കൂടെ കുമ്പസാരിക്കുകയും ചെയ്യും. ക്ഷമിക്കുവാനോ മറക്കുവാനോ സാധിക്കാതെ മിശിഹായുടെ രക്ഷ സ്വന്തമാക്കാൻ സാധിക്കുകയില്ല.

ദനഹായുടെ ചൈതന്യത്തിലൂടെ നാം കടന്നുപോകുമ്പോൾ, മിശിഹാ നൽകുന്ന രക്ഷയുടെ ഫലം അനുഭവിക്കാൻ നാം ഓരോരുത്തരും പ്രാപ്തരാണോ എന്നു ചിന്തിച്ചു നോക്കണം. ശത്രുതയുടെ മനോഭാവം മാറ്റിവച്ച് അനുരജ്ഞനത്തിന്റെ മാർഗമാണ് നാം സ്വീകരിക്കേണ്ടത്. തെറ്റുകൾ എല്ലാ മനുഷ്യരിലും ഉണ്ട്. എന്നാൽ ക്ഷമിക്കാനും, മറക്കാനും സാധിക്കുമ്പോഴാണ് യഥാർത്ഥ രക്ഷയുടെ അനുഭവത്തിലേക്ക് നാം കടന്നു വരുകയുള്ളൂ. അതിനായി ഹൃദയത്തെ പരിശോധിച്ച്, നിനവേ നിവാസികൾ പ്രവാചകനായ യോനായുടെ വാക്കുകൾ ശ്രവിച്ചതുപോലെ നമുക്കും അനുതാപത്തിലേക്ക് കടന്നുവരാം.

- പഴയനിയമത്തിൽ കർത്താവ് പറഞ്ഞതനുസരിച്ച് മോശ സർപ്പത്തെ ഉയർത്തിയപ്പോൾ മരിച്ചവർ ജീവിച്ചു.
- പുതിയ നിയമത്തിൽ പിതാവായ ദൈവം പാപത്തിന്റെ ദംശനമേറ്റ ജനതയെ ജീവിപ്പിക്കാൻ സ്വന്തം പുത്രനെ കുരിശിൽ ഉയർത്താൻ തയ്യാറായി.
- ക്രിസ്തുവിന്റെ കുരിശിലെ ഉയർത്തപ്പെടൽ പാപത്തിൽ നിന്നുള്ള മോചനം മാത്രമല്ല, നിത്യജീവനും നൽകുന്നു.
- ഞാനും ഉയർത്തപ്പെടേണ്ടവനാണ്. അത് മറ്റുള്ളവരുടെ ജീവിതത്തിൽ നന്മയും സമാധാനവും ശാന്തിയും നിറയ്ക്കാനാണ്.
- അനുദിന ജീവിതത്തിലെ വേദനകളും ത്യാഗങ്ങളും ഒരുതരം കുരിശിലെ ഉയർത്തപ്പെടലാണ്. എങ്കിൽ അവ മറ്റുള്ളവർക്ക് നിത്യജീവനോ പാപത്തിൽ നിന്നുള്ള വിടുതലോ ലഭിക്കാറുണ്ടോ?
- എന്റെ ജീവിതത്തിലെ സഹനങ്ങൾ വഴി മറ്റുള്ളവരെ ഉയർത്താൻ എനിക്ക് കഴിയുന്നുണ്ടോ?